# യഹോവക്കു പ്രസാദമുള്ളവരാകുക

## 1 ശമുവേൽ 16:7

**“മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു”**

യിസ്രായേലിന് ദൈവത്തിന്റെ അഭിക്ഷിക്തനെ തിരഞ്ഞെടുക്കുവാൻ ശമുവേൽ യിശ്ശായിയുടെ ഭവനത്തിൽ കടന്നു ചെല്ലുന്ന സന്ദർഭമാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്. അവിടെവെച്ച് യഹോവയാം ദൈവം ശമുവേലിനോട് അരുളിച്ചെയ്യുന്ന ഒരു കാര്യമാണ് നാം മേൽ വായിച്ചത്. യിസ്രായേലിനു രാജാവാകാൻ മാനുഷീകമായ കണ്ണുകളിൽ കൂടി നോക്കുമ്പോൾ യിശ്ശായിയുടെ മൂത്തപുത്രന്മാർ തികച്ചും അനുയോജ്യരും യോഗ്യരും ആയിരുന്നു, കാരണം യിസ്രായേലിന്റെ രാജാവായിരിക്കുന്ന ശൗലിനൊരു പിൻഗാമി എന്നു പറയുമ്പോൾ അത് ഒന്നിനും ഒരു കുറവുണ്ടാകരുത് എന്ന് യിസ്രായേലിലെ പ്രധാനികളും, പൗരപ്രമാണികളും, ജനങ്ങളും ഒരേപോലെ ആഗ്രഹിക്കും. അവരുടെയൊക്കെ വീക്ഷണത്തിൽ അത്രയ്ക്ക് പ്രൗഢഗംഭീരമായ ഒരു രാജഭരണം തന്നെയാണ് ശൗൽ കാഴ്ച വെച്ചുകൊണ്ടിരുന്നത്. എന്നാൽ ദൈവത്തിന്റെ പദ്ധതി അതിനു വിപരീതമായിരുന്നു. അതുകൊണ്ടാണ് യഹോവയാം ദൈവം ഇവിടെ എടുത്തു പറയുന്നത് ‘മനുഷ്യൻ നോക്കുന്നതുപോലെയല്ല’ എന്ന്.

മനുഷ്യൻ എപ്രകാരമാണ് ഒരാളെ നോക്കിക്കാണുന്നത് എന്നു നമുക്കറിയാം. ഒരുവൻ; അവൻ ആയിരിക്കുന്ന ചുറ്റുപാടുകളുടെ അടിസ്ഥാനത്തിലാണ് മറ്റുള്ളവർ തന്നേക്കാൾ വലിയവനെന്നും, ചെറിയവനെന്നും, ബലവാനെന്നും, ബലഹീനനെന്നുമൊക്കെ കണക്കിടുന്നത്. അത് വെറും ബാഹ്യമായ കാഴ്ചപ്പാടുകളുടെ അളവുകോലുകൾ കൊണ്ടാണ് അളക്കുന്നത്. ഇന്ന് ആത്മീയതയുടെ കാര്യത്തിലും, വിശ്വാസികളുടെ ഇടയിൽ ഇത്തരത്തിലുള്ള ഒരു വേർതിരിവാണ് നടന്നുകൊണ്ടിരിക്കുന്നത് എന്ന വസ്തുത എടുത്തുപറയേണ്ടുന്ന ഒന്നാണ്. അവനവൻ കണ്ടറിഞ്ഞതും, കേട്ടറിഞ്ഞതും, ഗ്രഹിച്ചതുമായ കാര്യങ്ങളുടെ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ, കൂട്ടുസഹോദരന്മാരെ വിലയിരുത്തുന്ന ഒരു പ്രതീതിയാണ് ഇന്നു നിലനിൽക്കുന്നത്. ആയതിനാൽ പലരും ഇന്ന് കപടതയുടെ മുഖം മൂടി ധരിക്കുവാൻ താത്പര്യപ്പെടുന്നു, കാരണം മറ്റുള്ളവരുടെ മുമ്പിൽ ഒരു ആത്മീയൻ എന്ന സ്ഥാനം ലഭിക്കണം എന്ന ഒറ്റ ലക്ഷ്യമേ ഉള്ളൂ. ഇവിടെയാണ കർത്താവ് പറയുന്ന കാര്യം വളരെ പ്രധാന്യമർഹിക്കുന്നത്, നിങ്ങളുടെ പ്രാർത്ഥന കപടഭക്തിക്കാരുടേതു പോലെ ഒരിക്കലും ആകരുത്, അവർ മാനുഷീകമായ പ്രീതി കിട്ടേണ്ടതിനു അങ്ങനെയുള്ളവരുടെ മുമ്പിൽ ഭക്തരായി അഭിനയിക്കുകയാണ്. എന്നാൽ ഒരു യഥാർത്ഥ ഭക്തൻ തന്റെ പിതാവ് രഹസ്യത്തിൽ തന്നെ നോക്കിക്കാണുന്നവൻ

ആണെന്നറിഞ്ഞ് അവനുമായി ഒരു വ്യക്തിപരമായ സ്വകാര്യ ബന്ധം നിലനിർത്തുന്നവൻ ആയിരിക്കും.

യിസ്രായേൽ ജനതയെ കുറിച്ച് യെഹെസ്കേൽ പ്രവചനത്തിൽ ഇപ്രകാരം പറയുന്നു, 'സംഘം കൂടി വരുന്നതുപോലെ അവർ നിന്റെ അടുക്കൽ വന്നു എന്റെ ജനമായിട്ടു നിന്റെ മുമ്പിൽ ഇരുന്നു നിന്റെ വചനങ്ങളെ കേൾക്കുന്നു; എന്നാൽ അവർ അവയെ ചെയ്യുന്നില്ല; വായ്കൊണ്ടു അവർ വളരെ സ്നേഹം കാണിക്കുന്നു; ഹൃദയമോ ദുരാഗ്രഹത്തെ പിന്തുടരുന്നു.' പ്രിയ ദൈവപൈതലേ, ഇന്ന് നാം ആയിരിക്കുന്ന ഈ വിശ്വാസ സമൂഹത്തിന്റെ മുമ്പിൽ വെറും ഒരു ആത്മീയ വേഷം കെട്ടി ആടുന്ന ചില കഥാപാത്രങ്ങളായി നമ്മുടെ ജീവിതം തീർന്നിട്ടുണ്ടോ എന്നു ഒന്നു ശോധന ചെയ്യേണ്ടിയ സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. പരീശന്മാരെയും സാദൂക്യരേയും ശാസ്ത്രിമാരെയും ഒക്കെ കർത്താവ് കപടതയുടെ മുഖം മൂടി അണിഞ്ഞ ഭക്തിയുടെ ഒരംശം പോലും ജീവിതത്തിൽ കാത്തു സൂക്ഷിക്കാത്ത ഒരു സമൂഹമായിട്ടാണ് കണ്ടത്. ഇന്ന് നാമും ആ ഗണത്തിൽ പെട്ടവരാണെങ്കിൽ അങ്ങനെ ആയിപ്പോയിട്ടുണ്ടെങ്കിൽ കർത്താവിനോട് വാസ്തവമായി മാപ്പപേക്ഷിച്ച് ഒരു മടങ്ങി വരവിനായി പ്രാർത്ഥിക്കാം. അവൻ നമ്മെ ചേർത്തുകൊള്ളാൻ കാത്തിരിക്കുന്ന നല്ല പിതാവാണ്. അവന്റെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തുകൊണ്ട് അവനായി പ്രത്യാശിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

സങ്കീർത്തനങ്ങൾ 147:10-11

അശ്വബലത്തിൽ അവന്നു ഇഷ്ടം തോന്നുന്നില്ല; പുരുഷന്റെ ഊരുക്കളിൽ പ്രസാദിക്കുന്നതുമില്ല. തന്നെ ഭയപ്പെടുകയും തന്റെ ദയയിൽ പ്രത്യാശ വെക്കുകയും ചെയ്യുന്നവരിൽ യഹോവ പ്രസാദിക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 181